പേർക്ക് ലഭിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ആയുർവ്വേദ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്ന എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ 500 രൂപവരെ മാസവരുമാനമുള്ള എല്ലാ രോഗികൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) വ്യക്തികളുടെ കുടുംബവരുമാനം റേഷൻകാർഡിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു. സർക്കാർ ജീവനക്കാർക്ക് ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു.

(സി) സൗജന്യ ചികിത്സയ്ക്ക് റേഷൻ കാർഡിൽ വരുമാനം 500 രൂപയിൽ താഴെയോ ബി.പി.എൽ. എന്ന് രേഖപ്പെടുത്തുകയോ ചെയ്യുകയാണെങ്കിൽ ആ രോഗിക്ക് സൗജന്യമായി ചികിത്സ ലഭിക്കുന്നതാണ്. ഏകദേശം 450 ഓളം രോഗികളെ കിടത്തി ചികിത്സിക്കുന്നതിൽ 90% പേർക്കും സൗജന്യ ചികിത്സ ലഭിക്കുന്നു.

ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ Geriatric Clinic

107 (2658) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ള രോഗികളെ ചികിത്സിക്കുന്നതിനായി Geriatric Clinic പ്രവർത്തിക്കുന്നുണ്ടോ; എന്നാണ് ഇത് ഉദ്ഘാടനം ചെയ്തത് ; യാതൊരു പ്രചരണവും നൽകാതെയും സ്ഥലം എം.എൽ.എ.-യെ പോലും അറിയിക്കാതെയുമാണ് ഇതിന്റെ ഉദ്ഘാടനം നടത്തിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചേർത്തല താലൂക്ക് ആശുപത്രിയിൽ Geriatric Clinic ഏതെല്ലാം ദിവസങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഏതു സമയത്താണെന്നും വ്യക്തമാക്കുമോ ; ഇതിനായി പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുള്ള ഡോക്ടർ ആരാണെന്നു പറയാമോ ; Geriatric Clinic-ലേക്കാവശ്യമായ ഏതെല്ലാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മരുന്നുകൾ എത്രമാത്രം ഇവിടെ സ്റ്റോക്കുണ്ടെന്നു പറയാമോ ; ഈ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രോഗികൾ എത്ര പേരാണെന്ന് പറയാമോ ; ഇതിന്റെ പ്രവർത്തനത്തിനായി അനുവദിച്ചിരുന്ന ഫണ്ട് 2014 മാർച്ച് മുതൽ വിനിയോഗിച്ച് വരുന്നതിന്റെ കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേർത്തല താലൂക്ക് ആശുപത്രിയിൽ ജെറിയാട്രിക് ക്ലിനിക് പ്രവർത്തിക്കുന്നുണ്ട്. ഈ ആശുപത്രി 60 വയസ്സിന് മുകളിൽ പ്രായമുള്ള രോഗികളെ ജെറിയാട്രിക് വിഭാഗമായി പരിഗണിച്ചുകൊണ്ട് പ്രത്യേകം ചികിത്സ നൽകി വരുന്നുണ്ടായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസറുടെ 28-2-2014-ലെ സി 2-3978/2014 നമ്പർ ഉത്തരവ് പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ രോഗികൾക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ജെറിയാട്രിക് ഒ.പി. ക്രമീകരിക്കണമെന്ന നിർദ്ദേശ പ്രകാരം ഇതിനായി ഒരു പ്രത്യേക മുറി ഒരുക്കുകയും ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ഒ.പി. നടത്തി വരികയും ചെയ്യുന്നു. 26-7-2014 മുതൽ ഉത്തരവ് പ്രകാരമുള്ള ക്രമീകരണങ്ങളോടു കൂടിയ ക്ലിനിക്കും പ്രവർത്തിച്ചുവരുന്നു. സംസ്ഥാന വയോജന നയത്തിനെ ആധാരമാക്കി ആരോഗ്യ വകുപ്പിന്റെ വയോജന ആരോഗ്യ പരിപാടിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയായതിനാൽ ഇതിന് ഒരു പ്രത്യേക പ്രചരണമോ ഉദ്ഘാടനമോ നടത്തിയിരുന്നില്ല.

(ബി) ജെറിയാട്രിക് ക്ലിനിക് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച ഒഴിച്ചുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 1 മണിവരെ നടത്തിവരുന്നു. ഇതിനായി ഈ ആശുപത്രിയിലെ ഡോ. ജോസഫ്, ജൂനിയർ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രത്യേക രജിസ്റ്ററും സൂക്ഷിക്കുന്നുണ്ട്. നിലവിലുള്ള മരുന്നുകളും അതിന്റെ സ്റ്റോക്കും

Tab. Metformin 500 mg	-	2615
Tab.Atorvastain 10 mg	-	3290
Tab. Clopidogrol 75 mg	-	3610

26-7-2014 മുതൽ 29-11-2014 വരെ 36 രോഗികൾ.

2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ഒരു ലക്ഷം രൂപയിൽ 94,973 രൂപ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly